(5) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്നു ഭാഗം പുഴയും ഒരു ഭാഗം കടലും അതിർത്തിയായിട്ടുള്ള 24 കിലോമീറ്റർ ദൈർഘ്യമുള്ള സവിശേഷമായ ഭൂപ്രകൃതിയുള്ള വലിയപറമ്പ് പഞ്ചായത്തിലെ കടുത്ത യാത്രാ ദുരിതം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പഞ്ചായത്തിലേയ്ക്കുള്ള നിർദ്ദിഷ്ട ഓരിക്കടവ് പാലത്തിന്റെ ആദ്യത്തെ കരാർ ഏറ്റെടുത്ത കോഴിക്കോട് ശക്തി ബിൽഡേഴ്സ് പാലത്തിന്റെ പണി പകുതി വഴിയിൽ നിർത്തി ഉപേക്ഷിച്ചിരിക്കുകയാണ്. ഈ പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാനും ദ്വീപിന്റെ തെക്കേയറ്റത്തുള്ള നിർദ്ദിഷ്ട വെള്ളാപ്പ്-ഇടയിലക്കാട് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകാനും നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഏഴു സ്പാനുള്ള ഓരിക്കടവ് പാലത്തിന്റെ 20% പണികളാണ് പൂർത്തീകരിച്ചത്. 7.44% ബിലോയിൽ എടുത്തിട്ടുള്ള പാലത്തിന്റെ പണി 2000 ഡിസംബർ 20-ന് എഗ്രിമെന്റ് വച്ചതാണ്. എക്സ്റ്റൻഡഡ് ടൈം ഓഫ് കംപ്ലീഷൻ അനുസരിച്ച് 2004 മേയ് മാസം പണി പൂർത്തീകരിക്കേണ്ടതായിരുന്നു. സാധാരണയിൽ കൂടുതൽ കാലതാമസം നേരിട്ടിട്ടുള്ളതുകൊണ്ട് ഈ പണി ഏറ്റെടുത്ത ശക്തി ബിൽഡേഴ്സ് എന്ന കരാറുകാരെ റദ്ദു ചെയ്ത് മറ്റൊരു കരാറുകാരനെക്കൊണ്ട് പണി ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളാപ്പ്-ഇടയിലക്കാട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എൽ.ബി.എസ്. നടത്തി. അലൈൻമെന്റ് തയ്യാറാക്കിവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ അനുമതി നൽകി പണി ആരംഭിക്കുന്നതാണ്.

(6) വേളൂക്കര പഞ്ചായത്തംഗമായിരുന്ന ഷാജി തറയിലിന്റെ ദുരൂഹ മരണം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ വേളൂക്കര പഞ്ചായത്ത് അംഗവും സാമൂഹ്യ പ്രവർത്തകനുമായിരുന്ന ഷാജി തറയിൽ മേയ് മാസം 5-ാം തീയതി മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ മരണവുമായി ബന്ധപ്പെട്ട് ചില ദുരൂഹതകൾ നിലനിൽക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്ത് നടന്ന ഈ മരണത്തെ സംബന്ധിച്ച് ചില രാഷ്ട്രീയ സംഘടനകൾ കുപ്രചരണങ്ങൾ അഴിച്ചുവിടുകയും അതിന്റെ ഫലമായി വ്യാപകമായ ദുരൂഹത നിലനിൽക്കുകയും ചെയ്യുന്നു. ഈ ദുരൂഹതയ്ക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേയ് മാസം 19-ാം തീയതി അപേക്ഷ നൽകിയിരുന്നു. അതിനെത്തുടർന്ന് ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. പക്ഷേ നാളിതുവരെ അതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാത്തതിനാൽ ദുരൂഹത വ്യാപകമായിക്കൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഇതു സംബന്ധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകൊണ്ട് ജനങ്ങൾക്കിടയിലുള്ള ദുരൂഹത പരിഹരിക്കണെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly